## ദർഘാസ് പരസ്യം

കോഴിക്കോട് സിറ്റി പോലീസ് മേധാവിയുടെ ഓഫീസിലേ യും , അനുബന്ധ ഓഫീസുകളിലേ യും , പോലീസ് സ്റ്റേഷനുകളിലേയും ലേസർ ജെറ്റ് പ്രിന്ററുകളുടെ, അറ്റകുറ്റപ്പണികളും , ടോണർ രീഫില്ലിംഗും അടുത്ത ഒരു വർഷത്തേക്ക് നടത്തുന്നതിനു , വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും മുദ്ര വെച്ച കവറിൽ ടെണ്ടറുകൾ ക്ഷണിച്ചു കൊള്ളുന്നു.. " കോഴിക്കോട് സിറ്റി ജില്ലാ പോലീസ് - കമ്പ്യൂട്ടർ ലേസർ ജെറ്റ് പ്രിൻററുകളിൽ ടോണർ റീഫിൽ ചെയ്യുന്നതിനുള്ള അപേക്ഷ " എന്ന് രേഖപ്പെടുത്തിയ ടെണ്ടർ ഉള്ളടക്കം ചെയ്ത അപേക്ഷകൾ 26/03/2016 നു 5 മണിക്ക് മുൻപായി ജില്ലാ പോലീസ് മേധാവിയുടെ കാര്യാലയം, കോഴിക്കോട് സിറ്റി മാനാഞ്ചിറ കോഴിക്കോട്-01, പിൻ 673 001, എന്ന മേൽവിലാസത്തിൽ ലഭ്യമാക്കേണ്ടതാണ്. ഇത്തരത്തിൽ ലഭിക്കുന്ന ടെണ്ടർ അപേക്ഷകൾ , ടെണ്ടർ നൽകിയ വ്യക്തികളുടെയോ അവർ ചുമതലപ്പെടുത്തുന്ന വ്യക്തികളുടെയോ സാന്നിധ്യത്തിൽ 28/03/2016 തിയ്യതി 11 മണിക്ക് ജില്ല പോലീസ് ഓഫീസിൽ വെച്ച് തുറക്കുന്നതയിരിക്കും .

ടെണ്ടറിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ള വ്യക്തികൾക്കും ,സ്ഥാപനങ്ങൾക്കും കോഴിക്കോട് സിറ്റി ജില്ലാ പോലീസ് മേധാവിയുടെ ഓഫീസിൽ , 6,25/ രൂപ (നികുതി അടക്കം) പണമടച്ച അപേക്ഷ സമർപ്പിച്ചാൽ ടെണ്ടർ ഫോം ലഭിക്കുന്നതാണ്. ടെണ്ടർ ഫോമിനായി അടക്കുന്ന പണം യാതൊരു കാരണവശാലും തിരികെ നൽകുന്നതല്ല . 25/03/2016 നു 4 മണിക്ക് വരെ മാത്രമേ ടെണ്ടർ ഫോമുകളുടെ വിൽപ്പന ഉണ്ടായിരിക്കുകയുള്ളു . ഡ്യൂപ്ലിക്കേറ്റ് ടെണ്ടർ ഫോം ആവശ്യമുള്ളവർ 3,15/- രൂപ (നികുതി അടക്കം) കൂടി അധികം അടക്കേണ്ടതാണ് .ടെണ്ടർ ഫോമുകൾ തപാൽ മുഖാന്തിരം അയച്ചു കൊടുക്കുന്നതല്ല .

### നിബന്ധനകൾ

1) ടെണ്ടറിൽ പങ്കെടുക്കുന്നവർ ഓരോ ടെണ്ടറിനും 7,500/- രൂപ എണസ്റ്റ് മണി ഡിപ്പോസിറ്റായി(EMD) ജില്ലാ പോലീസ് ഓഫീസിൽ പണമായോ , അല്ലെങ്കിൽ കോഴിക്കോട് സിറ്റി ജില്ലാ പോലീസ് മേധാവിയുടെ പേരിൽ ഡിമാണ്ട് ഡ്രാഫ്റ്റായോ അടക്കേണ്ടതാണ്.
2) ടെണ്ടർ ലഭിക്കുന്നവർ 100 രൂപയുടെ മുദ്രപ്പത്രത്തിൽ ധാരണാപത്രം , സമർപ്പിക്കേണ്ടതാണ്.
3) ടെണ്ടർ സംബന്ധമായ കൂടതൽ വിവരങ്ങൾക്ക് കോഴിക്കോട് സിറ്റി, ജില്ലാ പോലീസ് ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്.
4) കാരണം ബോധിപ്പിക്കാതെ ടെണ്ടർ നടപടിക്രമങ്ങൾ റദ്ദ് ചെയ്യാനുള്ള അവകാശം കോഴിക്കോട് സിറ്റി ജില്ലാ പോലീസ് മേധാവിയിൽ നിക്ഷിപ്തമാണ്.

പകർപ്പ്:

1. തിരുവനന്തപുരം ഗവണ്മെന്റ് പ്രസ്സ് സൂപ്രണ്ടിനു ഗസറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി.
2. കോഴിക്കോട് ജില്ല ഇൻഫോർമേഷൻ ഓഫീസിർക്ക്, മുഖ്യധാര പത്രങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി.

3. എല്ലാ ജില്ലാ പോലീസ് ഓഫീസിമാർക്കും പ്രസിദ്ധീകരണത്തിനായി .
4. കോഴിക്കോട് സിറ്റി ജില്ലാ പോലീസ് മേധാവിയുടെ കീഴിലുള്ള എല്ലാ അസ്സി കമ്മിഷണർമാർക്കും , സർക്കിൾ ഇൻസ്പെക്ടർമാർക്കും , സബ് ഇൻസ്പെക്ടർമാർക്കും അറിവിനും പ്രസിദ്ധീകരണത്തിനു മായി.
5. ഉത്തരമേഖല അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ് അവർകൾക്കും കണ്ണൂർ റേഞ്ച് ഇൻസ്പെക്ടർ ഓഫ് പോലീസ് അവർകൾക്കും അറിവിലേക്കായി (പേരുവെച്ച കവറിൽ ).
6. പോലീസ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി കോഴിക്കോട് സിറ്റി സൈബർ സെല്ലിന്.
7. നോട്ടീസ് ബോഡിൽ പതിക്കുന്നതിനായി .
8. ഇ 1 ഫയലിലേക്കും സ്റ്റോക്ക് ഫയലിലേക്കും .

വിശ്വസ്ഥതയോടെ ,

29/1/16

ജില്ലാ പോലീസ് മേധാവി,
കോഴിക്കോട് സിറ്റി.